# കേരള നിയമസഭ
# 31.01.2014–ലെ മറുപടിക്ക്

## ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്യുന്ന റോഡുകളുടെ നിർമ്മാണം

3873

ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.–എ.ഡി.എഫ് –ൽ ഉൾപ്പെടുത്തി ചെയ്യുന്ന റോഡുകളുടെ നിർമ്മാണം ഏത് എജൻസി മുഖാന്തിരമാണ് ചെയ്യേണ്ടത് എന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രാമീണ റോഡുകൾ തദ്ദേശ സ്വയംഭരണ വകുപ്പ് ആണ് ചെയ്യേണ്ടത് എന്നുള്ള സർക്കാർ ഉത്തരവ് ഉണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ത്രിതല പഞ്ചായത്തുകളുടെ ചുമതലയിൽ ഉള്ള സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണവും തദ്ദേശ സ്വയംഭരണ വകുപ്പ് മുഖാന്തിരമാണോ ചെയ്യേണ്ടത്;

(ഡി) പി.ഡബ്ല്യു.ഡി. റോഡുകളുടെയും ആശുപത്രികളുടെയും നിർമ്മാണം പി.ഡബ്ല്യു.ഡി. മുഖാന്തിരമാണോ ചെയ്യേണ്ടത്; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) എം.എൽ.എ.–എ.ഡി.എഫ്. ഡൽഹി ഷെഡ്യൂൾ റേറ്റിൽ എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് എം.എൽ.എ ഫണ്ട് വിനിയോഗം

3874 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ ഫണ്ട് എയ്ഡഡ്/അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എം.എൽ.എ ഫണ്ട് സംസ്ഥാനത്തെ ലൈബ്രറികളുടെ കെട്ടിട നിർമ്മാണത്തിന് വിനിയോഗിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിയന്ത്രണം പരിഹരിക്കുന്നതിന് ശ്രമിക്കുമോ? വിശദമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ</u>

3875

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തി എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുതുക്കിയ മാർഗ്ഗനിർദ്ദേശമനുസരിച്ച് എന്തൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 31.01.2014–ലെ മറുപടിക്ക്

<u>തലശ്ശേരി മണ്ഡലത്തിൽ എം.എൽ.എ. പ്രാദേശിക വികസന നിധി വിനിയോഗം</u>

3876 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിൽ എം.എൽ.എ. പ്രാദേശിക വികസന നിധിയിൽ നിന്നും 2011–12, 2012–13, 2013–14 വർഷങ്ങളിൽ അനുവദിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതു പ്രകാരം ഓരോ വർഷത്തെയും പദ്ധതികളിൽ ഇതിനകം എത്ര തുക ചിലവഴിച്ചെന്ന് വെളിപ്പെടുത്താമോ; എത്ര പദ്ധതികൾ പൂർത്തീകരിച്ചു;

(സി) മറ്റു പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) സമയബന്ധിതമായി എം.എൽ.എ. മാർ നിർദ്ദേശിക്കുന്ന എം.എൽ.എ. ഫണ്ടിലെ പദ്ധതികൾക്ക് തുക വിനിയോഗിക്കുന്നതിന് കാലതാമസം നേരിടുന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കും; വിശദമാക്കാമോ?

**കേരള നിയമസഭ**
**31.01.2014-ലെ മറുപടിക്ക്**

<u>ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ചേർത്തലയിലെ സ്കൂളുകൾക്ക് ബസ്</u>

T.3877 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2013 ൽ ചേർത്തല മണ്ഡലത്തിലെ മൂന്ന് സർക്കാർ വിദ്യാലയങ്ങൾക്ക് സ്കൂൾ ബസ്സുകൾ വാങ്ങി നൽകുന്നതിനുള്ള നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ട് എത്ര നാളായി എന്ന് വ്യക്തമാക്കാമോ; ചേർത്തല ഡി.ഇ.ഒ. യ്ക്ക് നൽകിയ തുക അനുവദിച്ചുകൊണ്ടുള്ള നിർദ്ദേശം ഏതെല്ലാം ഓഫീസുകളിൽ എത്ര നാൾ വീതം നടപടിയില്ലാതെ കിടന്നു എന്ന് വിശദമാക്കുമോ; പ്രസ്തുത ഫയൽ ഓരോ ഓഫീസിലും ഓരോ സെക്ഷനിലും ഏതു തീയതി മുതൽ ഏതു തീയതി വരെ വച്ചിരുന്നു എന്നു വിശദമാക്കുമോ; പ്രസ്തുത ഫയലിൽ നിലവിലുള്ള നടപടി എന്താണെന്ന് അറിയിക്കുമോ;

(ബി) സർക്കാർ സ്കൂളുകൾക്ക് സ്കൂൾ ബസ്സുകൾ അനുവദിക്കുന്ന പദ്ധതികൾ അട്ടിമറിക്കുവാൻ ശ്രമം നടക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ചേർത്തല മണ്ഡലത്തിലെ മൂന്ന് സ്കൂളുകൾക്ക് ആസ്തി വികസന ഫണ്ടിൽ നിന്നും സ്കൂൾ ബസ്സുകൾ അനുവദിക്കുന്നതിനുള്ള നിർദ്ദേശത്തിൻമേൽ ഭരണാനുമതി ലഭിക്കാൻ ഇനിയും കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; എന്നത്തേയ്ക്ക് ഇതിനുള്ള ഭരണാനുമതി ലഭിക്കുമെന്ന് വിശദമാക്കാമോ;

(ഡി) തുക അനുവദിച്ച് നിർദ്ദേശം നൽകുമ്പോൾ ഉണ്ടായിരുന്ന എസ്റ്റിമേറ്റ് തുകയേക്കാൾ വാഹനത്തിന് വില വർദ്ധിച്ചാൽ ഉണ്ടാകുന്ന സാമ്പത്തികനഷ്ടം ഇതിനു കാരണക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**31.01.2014-ലെ മറുപടിക്ക്**

<u>ആറ്റിങ്ങൽ മണ്ഡലത്തിന് അനുമതി നൽകിയിട്ടുള്ള ആസ്തി വികസന ഫണ്ട്</u>

3878 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തിവികസന പദ്ധതിയിൽ 2013-14 വർഷത്തിൽ 2012-13 ലേതുപോലെ അധികതുക അനുവദിച്ച് ഭരണാനുമതി നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) നിയോജകമണ്ഡലം ആസ്തിവികസന പദ്ധതി പ്രകാരം 2013-14 ൽ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിന് എന്തു തുകയ്ക്കാണ് അനുമതി നൽകിയിട്ടുള്ളത്; പ്രവൃത്തികൾ ഉൾപ്പെടെ വിശദവിവരം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

പി.ഡബ്ല്യൂ.ഡി. കരാറുകാരുടെ കുടിശ്ശിക

3879 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പി.ഡബ്ല്യൂ.ഡി. കരാറുകാർ പൂർത്തീകരിച്ച പ്രവൃത്തികളുടെ പണം 2013 ഡിസംബർ 31 തീയതിയായി എന്തു തുക കുടിശ്ശികയായിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) കുടിശ്ശിക തുക ഉണ്ടെങ്കിൽ എന്നത്തേയ്ക്ക് കൊടുത്ത് തീർക്കാനാവുമെന്ന് വ്യക്തമാക്കുമോ;

(സി) പണം ലഭിക്കാത്തതിനാൽ കരാറുകാർ പ്രവൃത്തികൾ നിർത്തിവെക്കാൻ തീരുമാനിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>കരാറുകാർക്ക് കുടിശ്ശിക തുക നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ</u>

3880

ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ബിൽ തുക എത്ര മാസമായി നൽകാൻ കഴിയാതെ തടസ്സപ്പെട്ടിരിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) കോൺട്രാക്ടർമാർക്ക് എത്ര കോടി രൂപ കുടിശ്ശിക നൽകാനുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) കരാറുകാർക്ക് കുടിശ്ശിക തുക നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

<u>കരാറുകാർക്ക് നിരതദ്രവ്യം ഇനത്തിൽ നൽകുവാനുള്ള തുക</u>

3881

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നിർമ്മാണ മേഖലയിലെ അംഗീകൃത കരാറുകാർക്ക് നിരതദ്രവ്യം ഇനത്തിൽ നൽകേണ്ട തുകയുടെ കണക്ക് വെളിപ്പെടുത്തുമോ;

(ബി) പദ്ധതി അടങ്കലിന്റെ എത്ര ശതമാനം തുകയാണ് നിരതദ്രവ്യമായി നിശ്ചയിച്ചിട്ടുള്ളത്; ഇതിന്റെ പരമാവധി പരിധി എന്തു തുകയായാണ് നിശ്ചയിച്ചിട്ടുള്ളത്;

(സി) നൂറ് ശതമാനം കേന്ദ്ര സർക്കാരിന്റെ ഫണ്ട് ലഭിക്കുന്ന പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡു വികസന പദ്ധതിയുടെ ബിൽ തുക കുടിശ്ശിക ആയിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

<u>സർക്കാർ ജീവനക്കാരുടെ ഇൻകം ടാക്സ് തുക</u>

3882 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരിൽ നിന്നും ഇൻകം ടാക്സ് ഇനത്തിൽ ശമ്പള ബില്ലിൽ നിന്നും കുറവു ചെയ്യുന്ന തുക യഥാസമയം ഡിപ്പാർട്ട്മെന്റിന് കൈമാറുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിന് പ്രസ്തുത തുക കൈമാറുന്നതിന് എന്തെല്ലാം മാനദണ്ഡമാണ് പാലിക്കേണ്ടത്; ഇതിന് ഏത് ഉദ്യോഗസ്ഥനെയാണ് അധികാരപ്പെടുത്തിയിട്ടുള്ളത്;

(സി) പ്രസ്തുത തുക കൈമാറുന്നതിന് ഏതെങ്കിലും സ്വകാര്യ സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിൽ ജീവനക്കാരന്റേതല്ലാത്ത കാരണത്താൽ തുക പ്രസ്തുത വകുപ്പിന് കൈമാറുമ്പോൾ ഈടാക്കുന്ന അധിക തുക ജീവനക്കാരിൽ നിന്നുതന്നെ അടയ്ക്കണമെന്ന നിബന്ധന നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ഇ) എങ്കിൽ ഇത് ഒഴിവാക്കുന്നതിനും കുറവു ചെയ്യുന്ന തുക യഥാസമയം ബന്ധപ്പെട്ട വകുപ്പിന് കൈമാറുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**കേരള നിയമസഭ**
**31.01.2014–ലെ മറുപടിക്ക്**

<u>ജീവനക്കാരുടെ ഇൻകംടാക്സ് സ്റ്റേറ്റ്മെന്റ്</u>

3883 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻകം ടാക്സ് അടക്കുന്നതിനായി ജീവനക്കാരുടെ ശമ്പള ബില്ലിൽ നിന്നും കുറവുചെയ്ത് ട്രഷറിയിൽ ഒടുക്കിയ തുക (2013 ഫെബ്രുവരി) ഇൻകംടാക്സ് ഡിപ്പാർട്ടുമെന്റിന് യഥാസമയം അയച്ചുകൊടുക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ജീവനക്കാരുടെ ഇൻകംടാക്സ് സംബന്ധിച്ച ത്രിമാസ സ്റ്റേറ്റ്മെന്റ് സ്ഥാപന മേധാവി മുഖാന്തിരം ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിന് നൽകുന്നതിനുള്ള ചുമതല യുടെ കരാർ നൽകിയിരിക്കുന്നത് ആർക്കാണ്; ആയതി നുവേണ്ടി ഒരു സ്ഥാപനത്തിൽ നിന്നും ഈടാക്കുന്ന തുക എത്രയാണ്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്റ്റേറ്റ്മെന്റ് ഇൻകംടാക്സ് ഡിപ്പാർട്ട്മെന്റ് നേരിട്ടു സ്വീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 31.01.2014-ലെ മറുപടിക്ക്

<u>വിപണി ഇടപെടലിനായി ചിലവഴിച്ചിട്ടുള്ള തുക</u>

3884 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിപണി ഇടപെടലിനായി നടപ്പുസാമ്പത്തിക വർഷം ഇതുവരെ എന്ത് തുകയാണ് ചിലവഴിച്ചിട്ടുള്ളത് ; ഇത് അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിലക്കയറ്റം തടയാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) കമ്പോള ഇടപെടലിന് മുൻസർക്കാർ ആവിഷ്കരിച്ച പദ്ധതികൾക്ക് സാമ്പത്തിക സഹായം നല്കാൻ സന്നദ്ധമാണോ; വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**31.01.2014-ലെ മറുപടിക്ക്**

<u>റവന്യൂ കമ്മിയിലുണ്ടായ വർദ്ധനവിനെ സംബന്ധിച്ച് പഠനം</u>

3885 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റവന്യൂ കമ്മിയിലുണ്ടായ വർദ്ധനവിനെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന ചെലവുകൾക്കായി നൽകിയ തുക ആസ്തി സംഭരണത്തിനായി ഉപയോഗിച്ചതുകൊണ്ടാണ് ഇത്തരം അവസ്ഥ സംജാതമായതെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 31.01.2014-ലെ മറുപടിക്ക്

<u>പലിശ, പിഴപ്പലിശ എന്നിവ കണക്കാക്കുന്ന നിരക്ക് നിശ്ചയിക്കുന്നതിന് മാനദണ്ഡം</u>

3886 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ആവശ്യങ്ങൾക്കായി സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുക്കുന്നവർക്കും കുടിശ്ശിക വരുത്തുന്നവർക്കും പലിശ, പിഴപ്പലിശ എന്നിവ കണക്കാക്കുന്ന നിരക്ക് നിശ്ചയിക്കുന്നതു ഏതു മാനദണ്ഡ പ്രകാരമാണ്; വിശദമാക്കാമോ;

(ബി) ആയതു സംബന്ധിച്ച് ഏതെങ്കിലും ഏകീകൃത നിയമം നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(സി) വായ്പ കുടിശ്ശിക വരുത്തിയവർക്ക്, ലഭിച്ച വായ്പയുടെ ഇരട്ടി തുക തിരികെ അടച്ചാൽ ബാധ്യതയിൽ നിന്നൊഴിവാകുമെന്ന വ്യവസ്ഥ നിലവിലുണ്ടോ;

(ഡി) എങ്കിൽ അത് വിവിധ സ്ഥാപനങ്ങൾ ശരിയായി നടപ്പിലാക്കുന്നുണ്ടോ; ആയതിന് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>വീട്ടുവാടക ബത്ത നൽകുന്നതിനുള്ള ദൂരപരിധി നിർണ്ണയം</u>

3887 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് നിലവിൽ നൽകി വരുന്ന വീട്ടുവാടക ബത്ത (എച്ച്.ആർ.എ) നിർണ്ണയം സംബന്ധിച്ച മാനദണ്ഡം എന്തെല്ലാമെന്നുള്ള വിവരം തസ്തിക തിരിച്ച് വിശദമാക്കുമോ;

(ബി) അനുബന്ധ ബത്ത നിർണ്ണയത്തിലേക്കായി താലൂക്ക് ആസ്ഥാനത്തു നിന്നും ദൂരപരിധി കണക്കാക്കുന്നത് സംബന്ധിച്ചുള്ള ഉത്തരവുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ദൂരപരിധി തിട്ടപ്പെടുത്തൽ സംബന്ധിച്ചുള്ള അധികാരം നിയമാനുസൃതമായി ആരിലാണ് നിക്ഷിപ്തമായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) താലൂക്ക് ആസ്ഥാനത്ത് നിന്നുമുള്ള ദൂരപരിധിയുമായി ബന്ധപ്പെട്ട് നാളിതുവരെ ഇറങ്ങിയിട്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ്

T.3888 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ കേന്ദ്ര ആനുകൂല്യങ്ങൾ ഉൾപ്പെടുത്തി ശമ്പള പരിഷ്ക്കരണം നടപ്പിലാക്കാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

പങ്കാളിത്ത പെന്‍ഷന്‍ പദ്ധതിയില്‍ ചേര്‍ന്ന ജീവനക്കാര്‍

T.3889 ശ്രീ. എ. കെ. ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പങ്കാളിത്ത പെന്‍ഷന്‍ പദ്ധതിയില്‍ ചേര്‍ന്നവര്‍ക്ക് ജി. പി. എഫ്.-ല്‍ ചേരാന്‍ അര്‍ഹതയുണ്ടോ ; ഇല്ലെങ്കില്‍ ആയതിന് സംസ്ഥാന സര്‍ക്കാര്‍ നടപടി സ്വീകരിച്ചിട്ടുണ്ടോ ; അക്കൗണ്ടന്റ് ജനറലിന് ഇത് സംബന്ധിച്ച് സര്‍ക്കാര്‍ കത്ത് നല്‍കുകയോ, ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്തിട്ടുണ്ടോ ; എങ്കില്‍ ആയതിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ ;

(ബി) പങ്കാളിത്ത പെന്‍ഷന്‍ പദ്ധതിയില്‍ ചേര്‍ന്ന ജീവനക്കാര്‍ക്ക് പെര്‍മനന്റ് റിട്ടയര്‍മെന്റ് അക്കൗണ്ട് നമ്പര്‍ നല്‍കിയിട്ടുണ്ടോ ; എങ്കില്‍ എത്ര പേര്‍ക്ക് ഇതുവരെ നല്‍കിയിട്ടുണ്ട് ;

(സി) സംസ്ഥാന ട്രഷറിയെകൂടി ഫണ്ട് മാനേജര്‍മാരുടെ പട്ടികയില്‍പ്പെടുത്താമെന്ന് സര്‍ക്കാര്‍ ജീവനക്കാരുടെ സംഘടനാ പ്രതിനിധികള്‍ക്ക് ഉറപ്പു നല്‍കിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ ഫണ്ട് മാനേജർ</u>

T.3890 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ പുതിയ ഫണ്ട് മാനേജർമാരായി സംസ്ഥാനത്ത് ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളെയാണ് നിശ്ചയിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ?;

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജിനായുള്ള ബഡ്ജറ്റ് വിഹിതം</u>

3891

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിനുവേണ്ടി 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ സംസ്ഥാന വിഹിതമായി എന്തു തുക വീതം അനുവദിച്ചിരുന്നു; തുക ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര വീതം ചിലവഴിച്ചുവെന്ന് വിശദമായ റിപ്പോർട്ട് സഹിതം ലഭ്യമാക്കുമോ;

(ബി) ഇതിൽ എന്തു തുക ബാക്കിയുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>ബാലുശ്ശേരി സർക്കാർ ആശുപത്രിയിൽ തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച്</u>

3892 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആശുപത്രിയായി ഉയർത്തപ്പെട്ട ബാലുശ്ശേരി സർക്കാർ ആശുപത്രിയിൽ ഗൈനക്കോളജി, പീഡിയാട്രി, ജനറൽ മെഡിസിൻ വിഭാഗങ്ങൾ ആരംഭിക്കുന്നതിനായി തസ്തികകൾ അനുവദിക്കുന്നതിന് ആരോഗ്യവകുപ്പ് ശുപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>വിവിധ സാമ്പത്തിക വര്‍ഷങ്ങളിലെ റവന്യൂ/നികുതിവരുമാനം</u>

3893 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തിന്റെ നിലവിലെ ധനസ്ഥിതി ധനകാര്യസൂചകങ്ങളെ ആധാരമാക്കി വിശദീകരിക്കാമോ;

(ബി) 2012-13 വര്‍ഷത്തില്‍ സര്‍ക്കാരിന്റെ റവന്യൂവരുമാനം എത്രയായിരുന്നു; 2010-11, 2011-12 വര്‍ഷത്തിലെ വരുമാനവുമായി താരതമ്യം ചെയ്ത സ്റ്റേറ്റ്മെന്റ് പ്രസിദ്ധീകരിക്കാമോ;

(സി) 2012-13 വര്‍ഷത്തെ റവന്യൂകമ്മിയും ധനകമ്മിയും എത്രയായിരുന്നു എന്ന് വെളിപ്പെടുത്താമോ;

(ഡി) 2012-13 വര്‍ഷത്തെ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നു; വ്യക്തമാക്കാമോ;

(ഇ) 2011 മാര്‍ച്ചിലെ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നു; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(എഫ്) 2011 മാര്‍ച്ചിലെ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ കടം എത്രയായിരുന്നു; കാലികസ്ഥിതി വിശദമാക്കാമോ;

(ജി) 2010-11, 2011-12, 2012-13 വര്‍ഷങ്ങളില്‍ സംസ്ഥാനത്തിന്റെ തനത് നികുതിവരുമാനം എത്രയായിരുന്നു;

(എച്ച്) 2010-11, 2011-12, 2012-13 വര്‍ഷങ്ങളിലെ തനത് വരുമാനത്തിന്റെ ശരാശരി വാര്‍ഷികവളര്‍ച്ച എത്രയായിരുന്നു; ഓരോ വര്‍ഷത്തെയും പ്രത്യേകം വ്യക്തമാക്കാമോ;

(ഐ) സംസ്ഥാനത്തിന്റെ ശമ്പളം, പെന്‍ഷന്‍, കടത്തിന്‍മേലുള്ള പലിശ, വായ്പാ തിരിച്ചടവ് എന്നിവയുടെ ചെലവ് മൊത്തം ചെലവിന്റെ എത്ര ശതമാനം എന്ന്

ചെലവ് മൊത്തം ചെലവിന്റെ എത്ര ശതമാനം എന്ന് വ്യക്തമാക്കാമോ;

(ജെ) സംസ്ഥാനത്തിന്റെ ശമ്പളം, പെൻഷൻ, കടത്തിൻമേലുള്ള പലിശ, വായ്പാതിരിച്ചടവ് എന്നിവയ്ക്കായി മൊത്തം വരുമാനത്തിന്റെ എത്ര ശതമാനം ചിലവഴിക്കുന്നു എന്നതിന്റെ 2010-11, 2011-12, 2012-13 വർഷത്തെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**31.01.2014-ലെ മറുപടിക്ക്**

2012-13 സാമ്പത്തിക വർഷത്തിലെ റവന്യൂ വരുമാനം

3894

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2012-13 സാമ്പത്തിക വർഷത്തിലെ റവന്യൂ വരവ് എപ്രകാരമായിരുന്നുവെന്ന് ശതമാനക്കണക്കിൽ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 31.01.2014-ലെ മറുപടിക്ക്

<u>പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധനവിലൂടെ ലഭിച്ച നികുതി വരുമാനം</u>

3895 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പെട്രോൾ, ഡീസൽ, മണ്ണെണ്ണ, പാചകവാതകം തുടങ്ങിയ ഇന്ധനങ്ങളുടെ വില വർദ്ധനവിലൂടെ സംസ്ഥാനത്തിന് ലഭിച്ച നികുതി വരുമാനം സംബന്ധിച്ച കണക്കുകൾ വിശദമാക്കാമോ;

(ബി) 2011-2012, 2012-2013, 2013-2014 സാമ്പത്തികവർഷം 2013 ഡിസംബർ 31 വരെ മേൽപ്പറഞ്ഞ ഇന്ധനങ്ങളുടെ വില വർദ്ധനവിലൂടെ സംസ്ഥാനത്തിനർഹമായ നികുതി ഇനങ്ങളിൽ ലഭിച്ച മൊത്തം വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

നികുതി വരുമാനത്തിലെ വളർച്ചാ നിരക്ക്

3896 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിന്റെ വളർച്ചാ നിരക്കിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; തന്നാണ്ടിൽ സർക്കാരിന്റെ പ്രതീക്ഷ എത്രയായിരുന്നു; ഇതുവരെയുള്ള വളർച്ചാ നിരക്ക് അനുകൂലമാണോ;

(ബി) വിലവർദ്ധനവുമൂലവും അധിക നികുതി ഏർപ്പെടുത്തിയതുമൂലവും നികുതി വരുമാനത്തിൽ ഉണ്ടായ വർദ്ധനവല്ലാതെ നികുതി പിരിവിലെ കാര്യക്ഷമതയുടെ ഫലമായി നികുതി വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നികുതി വരുമാനത്തിലെ വളർച്ചാ നിരക്കിലുണ്ടായ വ്യതിയാനവും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയും സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) അധിക നികുതി ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഏതെല്ലാം ഇനത്തിൽ എത്ര ശതമാനം വീതമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>ആംനസ്റ്റി പദ്ധതി</u>

3897 ശ്രീ. സണ്ണി ജോസഫ്
,, എം. എ. വാഹീദ്
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാണിജ്യനികുതി വകുപ്പ് നടപ്പാക്കുന്ന ആംനസ്റ്റി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) എന്തെല്ലാം ആനുകൂല്യങ്ങളും സൗകര്യങ്ങളുമാണ് പ്രസ്തുത പദ്ധതി മുഖേന വ്യാപാരികൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>വാറ്റ് രജിസ്ട്രേഷൻ ഒറ്റത്തവണ പദ്ധതി</u>

3898 ശ്രീ. പി. എ. മാധവൻ
,, ജോസഫ് വാഴക്കൻ
,, എ. റ്റി. ജോർജ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാണിജ്യ നികുതി വകുപ്പ് നടപ്പാക്കുന്ന വാറ്റ് രജിസ്ട്രേഷൻ ഒറ്റത്തവണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) എന്തെല്ലാം ആനുകൂല്യങ്ങളും സൗകര്യങ്ങളുമാണ് പ്രസ്തുത പദ്ധതി മുഖേന വ്യാപാരികൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പ്രാബല്യത്തിൽ വരുത്തുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>ട്രഷറി കമ്പ്യൂട്ടർ വൽക്കരണം</u>

3899 ശ്രീ. എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്
,, ആർ. സെൽവരാജ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രഷറികൾ കമ്പ്യൂട്ടർവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ആരെല്ലാമാണ് പ്രസ്തുത നടപടിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ട്രഷറി കമ്പ്യൂട്ടർവൽക്കരണം മൂലം ജനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) ആയതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 31.01.2014-ലെ മറുപടിക്ക്

<u>ജുവലറികളിൽനിന്നും വാങ്ങുന്ന സ്വർണ്ണാഭരണങ്ങൾക്ക് ബില്ലു നിർബന്ധമാക്കൽ</u>

3900 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ജൂവലറികളിൽനിന്നും വാങ്ങുന്ന സ്വർണ്ണാഭരണങ്ങൾക്ക് ബിൽ നിർബന്ധമാക്കുകയും പ്രസ്തുത ബില്ലിൽ പണികൂലിയും പണിക്കുറവും പ്രത്യേകം നിർബന്ധമായും രേഖപ്പെടുത്തണമെന്ന് നിഷ്ക്കർഷിക്കുകയും ആയത് നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ പരിശോധനകൾ കർശനമാക്കുകയും ചെയ്യുമോ: വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 31.01.2014-ലെ മറുപടിക്ക്

<u>സ്വര്‍ണ്ണവില നിയന്ത്രണം</u>

3901 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍വന്നതിനുശേഷം സംസ്ഥാനത്ത് വിമാനത്താവളങ്ങള്‍ വഴിയും അല്ലാതെയും എന്ത് തുകയുടെ സ്വര്‍ണ്ണക്കടത്ത് നടത്തിയിട്ടുള്ളതായി കണക്കാക്കുന്നു; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനസര്‍ക്കാരിന്റെ നികുതിഘടനയിലെ അശാസ്ത്രീയമായ നടപടിക്രമങ്ങളാണ് ഇതിനുള്ള പ്രധാന കാരണമെന്ന പരാതികള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഇത് പരിശോധിച്ച് വേണ്ട തിരുത്തല്‍ നടപടി സ്വീകരിക്കാന്‍ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ മൊത്തം വാണിജ്യനികുതിയില്‍ നല്ലൊരു പങ്കും ആഭരണമേഖലയില്‍ നിന്നാണോ ലഭിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) എങ്കില്‍ 2012-13 സാമ്പത്തികവര്‍ഷം പ്രസ്തുതമേഖലയില്‍ എന്തുതുക നികുതിയിനത്തില്‍ ലഭിച്ചു; ആയത് 2013-14 സാമ്പത്തികവര്‍ഷം ഡിസംബര്‍ 31 വരെ എന്തു തുക സമാഹരിക്കുവാന്‍ സാധിച്ചു; വ്യക്തമാക്കുമോ;

(ഇ) നിലവില്‍ 'സ്വര്‍ണ്ണവില' നിശ്ചയിക്കുന്നതും പ്രഖ്യാപിക്കുന്നതും എന്ത് മാനദണ്ഡപ്രകാരമാണ് എന്ന് വ്യക്തമാക്കുമോ;

(എഫ്) ഇത് നിയന്ത്രിക്കാനായി ''സര്‍ക്കാര്‍ പ്രതിനിധി ഉള്‍പ്പെടുന്ന ഒരു കമ്മിറ്റിയെ'' നിയോഗിച്ച് സ്വര്‍ണ്ണവില പ്രഖ്യാപനം നടത്താനും ആയതുവഴി ഇതിന് നിയന്ത്രണം ഏര്‍പ്പെടുത്താനും എന്തുനടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**31.01.2014-ലെ മറുപടിക്ക്**

<u>സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനം</u>

3902 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരവധി സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇത്തരം പണമിടപാട് സ്ഥാപനങ്ങളെ ഏതെല്ലാം രീതിയിലാണ് നിയന്ത്രിച്ചു വരുന്നത്;

(സി) പ്രസ്തുത സ്ഥാപനങ്ങൾ സ്വർണ്ണപണയ വായ്പയ്ക്ക് അമിത പലിശ ഈടാക്കുന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടിയാണ് അത്തരം സ്ഥാപനങ്ങൾക്കെതിരെ സ്വീകരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ വിൽപ്പന നികുതി വിഭാഗം നടത്തിയ റെയ്ഡിൽ വ്യാപക ക്രമക്കേടുകൾ കണ്ടെത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തെല്ലാം നടപടിയാണ് സ്വീകരിക്കുന്നതെന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

**ഓരോ ചെക്ക്പോസ്റ്റുകളിലും അനുവദനീയമായ ജീവനക്കാരുടെ എണ്ണം**

3903

ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വാളയാർ ഒഴികെയുള്ള ചെക്ക്പോസ്റ്റുകളിൽ അനുവദനീയമായ ജീവനക്കാരുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ ഓരോ ചെക്ക്പോസ്റ്റുകളിലും അനുവദനീയമായ ജീവനക്കാരുടെ എണ്ണത്തിന് പുറമെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട്; ചെക്ക്പോസ്റ്റുകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള ജീവനക്കാർ ഏതെല്ലാം ജില്ലയിൽ നിന്നുള്ളവരാണ്; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

ട്രഷറികളിൽ എ. ടി. എം. സ്ഥാപിക്കുന്നതിനുള്ള നടപടി

3904 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രഷറികളിൽ എ. ടി. എം. സ്ഥാപിക്കുന്നതിന് ഉത്തരവിറക്കിയിട്ടും പ്രാവർത്തികമാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) ശമ്പളവും പെൻഷനും കൈപ്പറ്റുന്നതിന് മാസത്തിലെ ആദ്യ ദിവസങ്ങളിൽ ട്രഷറികളിലുണ്ടാവുന്ന തിരക്ക് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) ട്രഷറികളിൽ എ. ടി. എം. സ്ഥാപിക്കുന്നതുമുഖാന്തിരം സാമ്പത്തിക സ്ഥിതിക്കുണ്ടാവുന്ന പുരോഗതി കണക്കിലെടുത്ത് ഇത് യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>നെന്മാറയിൽ പുതിയ ട്രഷറി</u>

3905 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ നെന്മാറ ബ്ലോക്ക് പരിധിയിൽ സബ് ട്രഷറി ഇല്ലായെന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) നെന്മാറ ബ്ലോക്ക് പരിധിയിലെ പെൻഷൻകാരുടെയും ജീവനക്കാരുടെയും എണ്ണം സംബന്ധിച്ച് വിശദാംശം നൽകുമോ ;

(സി) നെന്മാറയിൽ പുതിയ ട്രഷറി തുടങ്ങുന്നതിന് ആവശ്യമായ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ;

(ഡി) നെന്മാറയിൽ പുതിയ ട്രഷറി അനുവദിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ ; പുതിയ ട്രഷറി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>മേപ്പയൂരിൽ പുതിയ ട്രഷറി</u>

3906 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പുതിയ ട്രഷറികൾ അനുവദിച്ചിട്ടുണ്ടോ ;

(ബി) പുതിയ ട്രഷറി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) കോഴിക്കോട് ജില്ലയിലെ മേപ്പയൂരിൽ പുതിയ ട്രഷറി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടി സബ്ബ് ട്രഷറി ഓഫീസിന് പുതിയ കെട്ടിടം</u>

3907 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി സബ്ബ് ട്രഷറി ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സമർപ്പിക്കപ്പെട്ട നിവേദനത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ ധനകാര്യവകുപ്പിൽ നിന്ന് ജലവിഭവവകുപ്പിലേയ്ക്ക് എന്തെങ്കിലും റഫറൻസ് നടന്നിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>ആയഞ്ചേരിയിൽ സബ് ട്രഷറി</u>

3908 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിൽ എവിടെയെല്ലാം ട്രഷറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ട്രഷറികൾ തമ്മിൽ എത്ര ദൂരമുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പെൻഷൻകാർക്കും ശമ്പളക്കാർക്കും ഏറ്റവും സൗകര്യപ്രദമായ വിധത്തിൽ ആയഞ്ചേരിയിൽ ട്രഷറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ സൗജന്യമായി ഗ്രാമപ്പഞ്ചായത്ത് ലഭ്യമാക്കിയാൽ പ്രസ്തുത ട്രഷറി സ്ഥാപിക്കുവാൻ ഉത്തരവ് നൽകുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>കൊണ്ടോട്ടി മണ്ഡലത്തിൽ പുതിയ ട്രഷറി</u>

3909 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറിയുടെ നവീകരണത്തിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) എ.ടി.എം. അടക്കമുള്ള സൗകര്യങ്ങൾ ട്രഷറികളോടനുബന്ധിച്ച് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ പുതുതായി ട്രഷറി തുടങ്ങുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിലെ കാരുണ്യ ഡയാലിസിസ് സെന്ററുകൾ</u>

3910 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം താലൂക്കാശുപത്രികളിലാണ് കാരുണ്യ ഡയാലിസിസ് സെന്ററുകൾ അനുവദിച്ചിട്ടുള്ളത് ;

(ബി) കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുവാൻ താലൂക്കാശുപത്രികളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കാമോ ;

(സി) പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും കൂടുതലുള്ള മേഖലയിലെ ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ കാരുണ്യ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ ?

## കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>കാരുണ്യ ബെനവലന്റ് പദ്ധതി</u>

3911 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) കാരുണ്യ ബെനവലന്റ് പദ്ധതിയിൻ കീഴിൽ കൂടുതൽ സ്വകാര്യ ആശുപത്രികളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ ലബോറട്ടറികൾ, സ്കാനിംഗ് സെന്ററുകൾ എന്നിവ കൂടി ആരംഭിച്ച് വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

കാരുണ്യ ബെനവലന്റ് പദ്ധതി

3912 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ഐ. റ്റി. പി.സി (Idopathic Thrombocytopenic Purpura) പോലുള്ള ചികിത്സാചെലവ് ഏറെയുള്ള അസുഖങ്ങളെയും കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഒരു കുടുംബത്തിലെതന്നെ ഒന്നിലധികം രോഗികൾക്ക് മാരകരോഗം പിടിപെട്ട് ചികിത്സ നടത്തുമ്പോൾ രണ്ട് ലക്ഷം രൂപയിൽ കൂടുതൽ ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ സ്വകാര്യ ആശുപത്രികൾ</u>

3913 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഏതെല്ലാം സ്വകാര്യ ആശുപത്രികളെയാണ് ഉൾപ്പെടുത്തി യിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ നൽകി വരുന്ന തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

മംഗലാപുരത്തെ ആശുപത്രികളെ കാരുണ്യ ബനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി

3914 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ രോഗികൾ വിദഗ്ദ്ധ ചികിത്സയ്ക്ക് മംഗലാപുരത്തെ ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്നതിനാൽ അവർക്ക് കാരുണ്യ ബനവലന്റ് ഫണ്ടിൽനിന്നുള്ള സഹായം ലഭിക്കുന്നതിന് ബുദ്ധിമുട്ടനുഭവപ്പെടുന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കാസർഗോഡ് ജില്ലയിൽ ചികിത്സാ സൗകര്യം പരിമിതമായതിനാലും ഏറ്റവും അടുത്ത് വിദഗ്ദ്ധ ചികിത്സയ്ക്കുള്ള സൗകര്യം മംഗലാപുരത്താണുള്ളതെന്നതിനാലും എൻഡോസൾഫാൻ ദുരിതബാധിതരുൾപ്പെടെയുള്ള രോഗികൾക്ക് സഹായം ലഭിക്കത്തക്കവിധം മംഗലാപുരത്തെ ആശുപത്രികളെക്കൂടി കാരുണ്യ ബനവലന്റ് ഫണ്ടിൽനിന്നുള്ള ആനുകൂല്യം ലഭിക്കുന്നതിനുള്ള പട്ടികയിൽപ്പെടുത്തുമോ ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>ഭാഗ്യക്കുറി സമ്മാനഘടനയിൽ വരുത്തിയിട്ടുള്ള പരിഷ്ക്കരണങ്ങൾ</u>

3915 ശ്രീ. കെ. ശിവദാസൻ നായർ
,, പാലോട് രവി
,, വർക്കല കഹാർ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭാഗ്യക്കുറി സമ്മാനഘടനയിൽ വരുത്തിയിട്ടുള്ള പരിഷ്ക്കരണങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ;

(ബി) ലോട്ടറി സമ്മാനങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് ഇത് മുഖേന വരുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) എന്ന് മുതലാണ് പ്രസ്തുത പരിഷ്ക്കരണങ്ങൾ നിലവിൽ വന്നിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് ഭാഗ്യക്കുറി ഏജൻസികൾ</u>

3916

ശ്രീ. ഇ. ചന്ദ്രശേഖരൻ
,, മുല്ലക്കര രത്നാകരൻ
,, കെ. രാജു
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഭാഗ്യക്കുറി ഏജൻസികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ടിക്കറ്റ് വില്പന രംഗത്ത് ഏജൻസികളെ കൂടാതെ അനുബന്ധമായി എത്ര പേർ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ വികലാംഗരായവർ എത്ര;

(സി) ഭാഗ്യക്കുറി ഏജൻസികൾ അനുവദിക്കുന്നത് നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ നിർത്തിവയ്ക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>ഒറ്റനമ്പർ ലോട്ടറി</u>

3917

ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റനമ്പർ ലോട്ടറി വ്യാപകമായി പ്രചരിക്കുന്നത് സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു തടയുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**31.01.2014-ലെ മറുപടിക്ക്**

<u>ലോട്ടറിവകുപ്പിന്റെ ജോലിഭാരം ലഘൂകരിക്കാൻ നടപടി</u>

3918 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിരവധി ലോട്ടറികൾ പുതുതായി ആരംഭിച്ചതോടെ ലോട്ടറി വകുപ്പിന്റെ ജോലിഭാരം പലമടങ്ങ് വർദ്ധിച്ചതായിട്ടുള്ള വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇക്കാര്യം പരിഹരിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടിയുടെ വിശദാംശം നൽകുമോ;

(ബി) ജോലിഭാരം വർദ്ധിച്ചുവെങ്കിലും ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടില്ല. നിരവധി താല്ക്കാലിക ജീവനക്കാരെയും ഇതിനായി നിയോഗിക്കുന്നുണ്ടെങ്കിലും ഇവർക്ക് സാമ്പത്തിക ഉത്തരവാദിത്വം നിക്ഷിപ്തമാക്കാനും സമയബന്ധിതമായി ജോലി നിർവ്വഹിക്കുവാനും കഴിയാത്ത സാഹചര്യമാണുള്ളത്. പ്രസ്തുത സാഹചര്യത്തിൽ പ്രസ്തുത മേഖലയിലെ വിവിധ സംഘടനകളുമായി കൂടിയാലോചിച്ച് അടിയന്തര നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>ലോട്ടറി സമ്മാനം ലഭിച്ചവർക്ക് തുക ലഭിക്കാൻ നടപടി</u>

3919 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭാഗ്യക്കുറിയിൽ ഒന്നാം സമ്മാനം ലഭിക്കുന്നവർക്ക്, ആവശ്യമായ രേഖകൾ സഹിതം ടിക്കറ്റ് ഹാജരാക്കിയാൽ എത്ര ദിവസത്തിനുള്ളിൽ സമ്മാനതുക നൽകാറുണ്ടെന്ന് വിശദമാക്കാമോ;

(ബി) 28.07.2013 ന് നറുക്കെടുത്ത ആർ. എൻ. 93 പൗർണമി ലോട്ടറിയിൽ ഒന്നാം സമ്മാനം ലഭിച്ചയാളുടെ ടിക്കറ്റ് ആവശ്യമായ രേഖകൾ സഹിതം ഡയറക്ടറേറ്റിൽ ലഭിച്ച തീയതിയും സമ്മാനത്തുക നൽകിയ തീയതിയും ലഭ്യമാക്കാമോ;

(സി) പ്രസ്തുത ലോട്ടറിയിൽ രേഖകൾ ലഭിക്കാത്തതുമായി ബന്ധപ്പെട്ട് ബാങ്കുമായോ, സമ്മാനാർഹനുമായോ എന്തെങ്കിലും കത്തിടപാടുകൾ നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ കോപ്പി സഹിതം ലഭ്യമാക്കാമോ;

(ഡി) ലോട്ടറി സമ്മാനം ലഭിച്ചവർക്ക് തുക ലഭിക്കാൻ കാലതാമസം വന്നാൽ ഉത്തരവാദികളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുവാൻ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

വിവിധയിനം ലോട്ടറികളിലൂടെ സമാഹരിച്ച നികുതി വരുമാനം

3920 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നടത്തിവരുന്ന വിവിധയിനം ലോട്ടറികളിലൂടെ 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ച ആകെ നികുതി വരുമാനമെത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വരുമാനത്തിൽ കാരുണ്യ ലോട്ടറി വഴി സമാഹരിച്ച തുകയുടെ കണക്ക് പ്രത്യേകം ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

മംഗല്യ സഹായനിധി

3921 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 ബഡ്ജറ്റിൽ അവതരിപ്പിച്ച മംഗല്യ സഹായ നിധി ഇപ്പോൾ നടപ്പാക്കുന്നത് ഏതു വകുപ്പു മുഖേന യാണ്; വ്യക്തമാക്കാമോ;

(ബി) സംസ്ഥാന സർക്കാർ ഈ പദ്ധതിയിലേയ്ക്ക് എന്തു തുക സംഭാവന നൽകി; എത്രയാളുകൾക്ക് പ്രസ്തുത പദ്ധതി യുടെ പ്രയോജനം ലഭിച്ചു വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ സഹായം ലഭിക്കുന്നതിനു ള്ള നടപടിക്രമം വ്യക്തമാക്കാമോ; ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്; എന്തു തുകയുടെ സഹായം ലഭിക്കുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 31.01.2014-ലെ മറുപടിക്ക്

<u>മംഗല്യനിധി ശേഖരിക്കുന്ന നടപടിക്രമം</u>

3922 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച മംഗല്യനിധിയിൽ ഇതിനകം എത്ര തുക ശേഖരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) മംഗല്യനിധി ശേഖരിക്കുന്ന നടപടിക്രമം വിശദമാക്കുമോ;

(സി) മംഗല്യനിധിയിൽനിന്ന് ഇതിനകം എത്രപേർക്ക് എത്ര രൂപവീതം വിതരണം ചെയ്തിട്ടുണ്ടെന്നും ആർക്കൊക്കെയാണ് നൽകിയിട്ടുള്ളതെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
# 31.01.2014-ലെ മറുപടിക്ക്

<u>ഇ-സ്റ്റാമ്പിംഗ് പദ്ധതി</u>

T.3923 ശ്രീ. വി. റ്റി. ബല്‍റാം
,, എ. റ്റി. ജോര്‍ജ്
,, ഷാഫി പറമ്പില്‍
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങള്‍ വിശദമാക്കുമോ;

(ബി) മുദ്രപ്പത്ര വിതരണത്തിലെ അപാകതകള്‍ ഒഴിവാക്കാന്‍ എന്തെല്ലാം സംവിധാനമാണ് പ്രസ്തുത പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഏതെല്ലാം ഏജന്‍സികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>കെ. എസ്. എഫ്. ഇ.</u>

3924 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലെ കെ.എസ്.എഫ്.ഇ.യുടെ ബിസിനസ് ടേണോവർ എത്ര തുകയാണ്; ഇതിൽ 2014-15 സാമ്പത്തികവർഷം ആകുമ്പോൾ എത്ര വർദ്ധനവാണ് ലക്ഷ്യമിടുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) നിലവിൽ കെ.എസ്.എഫ്.ഇ.യ്ക്ക് സംസ്ഥാനത്ത് എത്ര ശാഖകൾ ഉണ്ട്; ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(സി) കെ.എസ്.എഫ്.ഇ.യിലെ ജീവനക്കാരുടെ നിലവിലുള്ള എണ്ണം എത്ര; ഇവർക്ക് ശമ്പളയിനത്തിൽ പ്രതിമാസം ചെലവാകുന്ന തുക എത്ര; കെ.എസ്.എഫ്.ഇ. യുടെ പ്രതിമാസ ശരാശരി വരുമാനം എത്ര; വിശദാംശം വ്യക്തമാക്കുമോ;

(ഡി) 2012-13 സാമ്പത്തികവർഷം എന്തുതുകയുടെ ചിട്ടി ബിസിനസ്സ് ചെയ്യുവാൻ സാധിച്ചു; ആയത് 2013-14 ആയപ്പോൾ എത്രയായി വർദ്ധിപ്പിക്കാൻ സാധിച്ചു; വിശദമാക്കുമോ;

(ഇ) 2012-13 സാമ്പത്തികവർഷം കെ.എസ്.എഫ്.ഇ.യുടെ ലാഭം എത്ര; ആയതിൽനിന്നും സർക്കാരിനുള്ള ലാഭവിഹിതം എത്ര തുക അടച്ചു; 2013-14-ൽ ലാഭം എത്രയായി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) കെ.എസ്.എഫ്.ഇ. ഇടപാടുകൾക്ക് എ.ടി.എം. സൗകര്യമൊരുക്കാൻ എന്തുനടപടി സ്വീകരിക്കും; വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

(ജി) കെ.എസ്.എഫ്.ഇ.യുടെ നിലവിലെ ട്രഷറി നിക്ഷേപം എന്തുതുക; വ്യക്തമാക്കുമോ;

(എച്ച്) കെ.എസ്.എഫ്.ഇ.യുടെ പ്രൊഫഷണൽ എഡ്യൂകെയർ പദ്ധതിക്ക് റിസർവ്വ് ബാങ്കിന്റെ അനുമതി ലഭിച്ചുവോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്. ഇ. ശാഖകൾ</u>

3925 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ. എസ്.എഫ്.ഇ യുടെ എത്ര പുതിയ ശാഖകൾ ആരംഭിച്ചു എന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ; ഇപ്രകാരം കെ.എസ്.എഫ്.ഇ പുതിയ ശാഖകൾ ആരംഭിക്കുന്നതിന് മുമ്പ് ഇത്തരം പുതിയ ശാഖകൾ വിജയ സാധ്യതകളുണ്ടോ എന്നു പരിശോധിക്കാറുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ച കെ.എസ്. എഫ്.ഇ ശാഖകൾ എല്ലാം ലാഭകരമായി പ്രവർത്തിക്കുന്നവയാണോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 31.01.2014-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ.-ൽ അസിസ്റ്റന്റ് തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനം</u>

3926 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-ൽ അസിസ്റ്റന്റ് തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനത്തിന് കമ്പ്യൂട്ടർ പരിജ്ഞാനംകൂടി യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) കാറ്റഗറി നമ്പർ 151/13 പ്രകാരം പി.എസ്.സി. അപേക്ഷക്ഷണിച്ച കെ.എസ്.എഫ്.ഇ.-യിലെ അസിസ്റ്റന്റ് തസ്തികയ്ക്ക് കമ്പ്യൂട്ടർ പരിജ്ഞാനം യോഗ്യതയിൽ ഉൾപ്പെടുത്തിയിരുന്നോ ; എങ്കിൽ ഇപ്രകാരം ഒരു യോഗ്യത ബൈട്രാൻസ്ഫർ നിയമനത്തിന് ഏർപ്പെടുത്തിയത് എന്തിനാണെന്ന് വ്യക്തമാക്കുമോ ;

(സി) കെ.എസ്.എഫ്.ഇ.-യിൽ അസിസ്റ്റന്റ് തസ്തികകളുടെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത് ഉത്തരവായിട്ടുണ്ടോ ; പുതിയ ഉത്തരവ് എന്നുമുതലാണ് നിലവിൽ വരുന്നതെന്ന്
വ്യക്തമാക്കുമോ ; പുതിയ ഉത്തരവ് നിലവിൽ വന്നിട്ടില്ലെങ്കിൽ നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം ബൈട്രാൻസ്ഫർ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ .

(ഡി) 2010-ൽ പി.എസ്.സി. പ്രസിദ്ധീകരിച്ച ബൈട്രാൻസ്ഫർ നിയമനത്തിനുള്ള റാങ്ക് പട്ടികയിൽ എത്ര പേരാണ് ഉൾപ്പെട്ടിരുന്നത് ; ഇവരിൽ എത്ര പേർക്ക് നിയമനം ലഭിച്ചു ; നിയമനം ലഭിച്ചവർക്ക് കമ്പ്യൂട്ടർ പരിജ്ഞാനം യോഗ്യത ഉണ്ടായിരുന്നോ ; ഇനി എത്ര പേരാണ് റാങ്ക് പട്ടികയിൽ ഉള്ളത് ; ഇവരുടെ നിയമനത്തിന് കമ്പ്യൂട്ടർ പരിജ്ഞാനം അധിക യോഗ്യതയായി വേണമെന്ന് നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണമെന്താണ് ; വ്യക്തമാക്കാമോ ;

(ഇ) അസിസ്റ്റന്റ് തസ്തികയിലേക്ക് ബൈട്രാൻസ്ഫർ മുഖേന നിയമനം നൽകാനുള്ള എത്ര ഒഴിവുകളാണ് നിലവിലുള്ളത് ; പ്രസ്തുത ഒഴിവുകളിലേക്ക് 24-9-2013-ലെ 162/13-ാം നമ്പർ സർക്കാർ ഉത്തരവ്പ്രകാരം നിയമനം ലഭ്യമാക്കുമോ ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

റിട്ട. ജസ്റ്റിസ് ശ്രീ. സി. പ്രേമചന്ദ്രൻ കമ്മീഷന്റെ പ്രവർത്തനം

3927 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 973/13/ഫിൻ. തീയതി 13.12.2013-ാം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിയോഗിച്ച റിട്ട. ജസ്റ്റിസ് ശ്രീ. സി. പ്രേമചന്ദ്രൻ കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ടോ ;

(ബി) കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് തീരുമാനിക്കപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ; ഇല്ലെങ്കിൽ പ്രസ്തുത മേഖലയിലെ വിവിധ സംഘടനകളുമായി കൂടി ആലോചിച്ച് ഇക്കാര്യത്തിൽ ടേംസ് ഓഫ് റഫറൻസ് രൂപീകരിക്കുവാൻ തയ്യാറാകുമോ ;

(സി) പ്രസ്തുത കമ്മീഷന്റെ പരിധിയിൽ വകുപ്പിലെ ജോലി ഭാരവും വിപുലീകരണ നടപടികളും ഉൾപ്പെടുത്തുമോ ;

(ഡി) പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് എത്ര നാളുകൾക്കുള്ളിൽ പൂർത്തീകരിച്ച് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ

T.3928 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം നേടിയെടുക്കുന്നതിന് സാധ്യമായിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോട് എന്തെങ്കിലും വിശദീകരണം ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ എപ്പോൾ; അത് നൽകുകയുണ്ടായോ; എങ്കിൽ എപ്പോൾ;

(സി) അംഗീകാരം ലഭിക്കുന്നതിൽ നിലവിൽ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

നിർമ്മിതിയെ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട ഏകജാലക കേന്ദ്രമാക്കാൻ പദ്ധതി

3929

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്
,, സണ്ണി ജോസഫ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാധാരണ ജനങ്ങൾക്ക് ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ഉതകത്തക്ക വിധം നിർമ്മിതിയെ ഏകജാലക കേന്ദ്രമാക്കി രൂപപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിലൂടെ എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

ഭവനനിർമ്മാണ വകുപ്പിൽ നിന്നും വായ്പയെടുത്ത്
കുടിശ്ശിക വരുത്തിയവർക്കായി ഒറ്റത്തവണ
തീർപ്പാക്കൽ പദ്ധതി

3930

ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണ വകുപ്പിൽ നിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവർക്കായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

ഭവനനിർമ്മാണ ബോർഡ് എഴുതിത്തള്ളിയ വായ്പാതുക

3931 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് എത്ര പേരുടെ ഭവനനിർമ്മാണ വായ്പയാണ് എഴുതിത്തള്ളിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ആകെ എത്ര രൂപയാണ് എഴുതിത്തള്ളിയതെന്ന് അറിയിക്കുമോ;

(സി) കടക്കെണിയിലായ മുഴുവൻ പേരുടെയും വായ്പാതുക എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**31.01.2014-ലെ മറുപടിക്ക്**

<u>ചാലക്കുടിയിൽ മൾട്ടി പർപ്പസ് ഷോപ്പിംഗ് കോംപ്ലക്സ്</u>

3932 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടിയിൽ വ്യാപാര പ്രാധാന്യമുള്ള സ്ഥലത്ത് ഹൗസിംഗ് ബോർഡിന്റെ മൾട്ടി പർപ്പസ് ഷോപ്പിംഗ് കോംപ്ലക്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്നറിയിക്കാമോ?